(1)	(2)	(3)	(4)
മെട്രിക്കുലേറ്റ്	500	200	700
5 വർഷം പൂർത്തിയായവർ	531	200	731
10 വർഷം പൂർത്തിയായവർ	563	200	763
(ബി) ഹെൽപ്പർ	260	200	460

അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് സി.പി.ഡബ്ലൂ.പി. ബാലവാടികൾ, ഹരിജൻ, ഗിരിജൻ ബാലവാടികൾ എന്നിവ അംഗൻവാടികളാക്കി മാറ്റാവുന്നതാണ്. അതുപോലെ യു.ആർ.എഫ്. സെന്ററുകളിലെ കൺവീനർമാരെ അംഗൻവാടിയിൽ ഹെൽപ്പർമാരായി നിയോഗിക്കാവുന്നതാണ്. പഞ്ചായത്തുകൾ നിർമ്മിച്ചു കൊടുത്തു പ്രവർത്തിച്ചു വരുന്ന ശിശുവിഹാർ കേന്ദ്രങ്ങൾ ഏറ്റെടുത്ത് അംഗൻവാടിയാക്കാൻ ഇപ്പോൾ വ്യവസ്ഥകളൊന്നുമില്ല.

എഴുകോൺ പഞ്ചായത്തിന് അംഗൻവാടികൾ അനുവദിക്കാൻ നടപടി

48 (621) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര ശിശുവികസന പദ്ധതിയിൽപ്പെട്ട എഴുകോൺ പഞ്ചായത്തിൽ ജനസംഖ്യാനുപാതികമായി അംഗൻവാടികൾ ഇല്ലാത്ത സാഹചര്യത്തിൽ സംസ്ഥാനത്ത് അനുവദിച്ചതും പ്രവർത്തിക്കാത്തതുമായ ഏതാനും അംഗൻവാടികൾ എഴുകോൺ പഞ്ചായത്തിന് മാറ്റി നൽകുന്നത് സംബന്ധിച്ച കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിന്റെ പ്രമേയം സർക്കാരിന് ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) അംഗൻവാടികൾ മാറ്റി നൽകുന്നത് സംബന്ധിച്ച നടപടികൾ കഴിവതും വേഗം പൂർത്തിയാക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2-6-2000 ൽ ലഭിച്ചിട്ടുണ്ട്.

(ബി) എഴുകോൺ പഞ്ചായത്തിൽ 2000 ലെ ഐ.സി.ഡി.എസ്. സർവ്വേ റിപ്പോർട്ട് അനുസരിച്ച് 23879 ആണ് ജനസംഖ്യ. 21 അംഗൻവാടികൾ ഈ പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഗുണഭോക്താക്കളുടെ കണക്കു നോക്കി കൂടുതൽ അംഗൻവാടികൾ ആവശ്യമെങ്കിൽ മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly